(ഡി) എല്ലാ വകുപ്പുകളുടെയും പ്രതിമാസ പ്രവർത്തന സമാഹൃത പത്രികകൾ അവലോകനം ചെയ്ത് കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ എല്ലാവകുപ്പുകൾക്കും നൽകിവരുന്നുണ്ട്. കൂടാതെ, കെട്ടിക്കിടക്കുന്ന 3 വർഷത്തിൽ കൂടുതൽ പഴക്കമുള്ള സാധ്യമായ എല്ലാ ഫയലുകളും തീർപ്പാക്കുന്നതിനുവേണ്ടി 2014 മെയ്-ജൂൺ മാസങ്ങളിൽ പ്രത്യേക ഫയൽ തീർപ്പാക്കൽ തീവ്രയത്ന പരിപാടിനടത്തുകയും ഫയലുകൾ തീർപ്പാക്കുകയുമുണ്ടായി. ഇതിനുപുറമേ ഒരു വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ തീർപ്പാക്കുന്നതിനായി ഒരു ഫയൽ അദാലത്തുകൂടി 2014 സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 31 വരെ നടത്തുവാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകുകയും വകുപ്പുകൾ അദാലത്ത് നടത്തുകയും ചെയ്തിട്ടുണ്ട്.

(ഇ) 2014 മെയ്-ജൂൺ മാസങ്ങളിൽ നടത്തിയ ഫയൽ തീർപ്പാക്കൽ തീവ്രയത്ന പരിപാടിയുടെ ഭാഗമായി 8260 ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. 2014 സെപ്തംബർ-ഒക്ടോബർ മാസങ്ങളിൽ നടത്തിയ അദാലത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) ഉണ്ട്.

സംസ്ഥാനത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസലുകൾ

34 (34) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് 2014-15 സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിന് സമർപ്പിച്ച പ്രൊപ്പോസലുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പ്രൊപ്പോസലുകൾക്ക് കേന്ദ്ര സർക്കാരിൽനിന്നും അംഗീകാരം ലഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അംഗീകാരം നേടുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ &ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly